(സി)&(ഡി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

94 (1135) കൊറ്റി-കോട്ടപ്പുറം ജലപാത

ശ്രീ. കെ. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ-പയ്യന്നൂർ-ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെടുത്തി ഒരു ചെറിയ ബോട്ട് കൂടി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 321.21 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അതിൽ വിഭാവന ചെയ്തിരിക്കുന്ന പണികൾ 2001 ഫെബ്രുവരിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നടത്തി വരുന്നു.

(ബി) ഈ റൂട്ടിൽ സർവീസ് നടത്തുക എന്ന ഉദ്ദേശത്തോടെ മൂന്ന് ചെറിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

95 (1136) ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസികളുമായി ഗവണ്മെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാലു ജില്ലകളിൽ മാത്രം ഉണ്ടായിരുന്ന ബോട്ട് സർവീസ് ഇപ്പോൾ ഏഴു ജില്ലകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. 26.5.99-ൽ സുൽത്താൻ കനാലിൽ ബോട്ട് സർവീസ് ആരംഭിക്കുകയും ചെയ്തു.

(സി) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി നാറ്റ്പാക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഏജൻസി അവരുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സർക്കാർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

96 (1137) ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന് ഗവണ്മെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ജലഗതാഗത വകുപ്പിൽ ഇപ്പോൾ എത്ര ബോട്ടുകൾ ഉണ്ട്; പുതിയ ബോട്ടുകൾ വാങ്ങാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിന് 24 പുതിയ എൻജിനുകളും 32 ഗീയർ ബോക്സുകളും വാങ്ങി ബോട്ടുകളിൽ ഫിറ്റ് ചെയ്തിട്ടുണ്ട്. മലബാർ മേഖലയിൽ പയ്യന്നൂർ കോട്ടപ്പുറം റൂട്ടിൽ 27.3.97 മുതൽ ബോട്ട് സർവ്വീസ് പുനരാരംഭിച്ചു. 26.5.99-ൽ സുൽത്താൻകനാൽ ജലഗതാഗതത്തിനായി തുറന്നു കൊടുക്കുകയും ബോട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. പറശ്ശിനിക്കടവിൽ പുതിയ സ്റ്റേഷൻ ഓഫീസ് സ്ഥാപിച്ച് അവിടം കേന്ദ്രീകരിച്ച് സുൽത്താൻ തോടുവഴി പറശ്ശിനിക്കടവിൽ നിന്നും കൊറ്റി സർവ്വീസ് ആരംഭിച്ചു. ബോട്ടുകളുടെ റിപ്പയറിനായി ആധുനിക രീതിയിലുള്ള സ്ളിപ്വേ മേഖലയിൽ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) വകുപ്പിന് ഇപ്പോൾ 31 സർവീസ് ബോട്ടുകൾ ഉണ്ട്. പുതിയ 3 ബോട്ടുകൾ കൂടി വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

97 (1138) ക്ഷേത്രങ്ങൾക്കു നല്കുന്ന ആനിറ്റി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങൾക്ക് നല്കുന്ന ആനിറ്റി വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആനിറ്റി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly